ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ട് ആഗോള കാഴ്ചപ്പാട് വളർത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ബിരുദദാന ചടങ്ങിനെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.

**President Droupadi Murmu calls for nurturing a global outlook while preserving the country's rich cultural heritage. She addressed the convocation ceremony of the National Institute of Fashion Technology in New Delhi.**

2. കഴിഞ്ഞ 12 വർഷത്തിൽ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചു ചാട്ടമുണ്ടായതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഉന്നത നിലവാരമുള്ള വ്യവസായ സംരംഭങ്ങൾക്ക് കേരളം ഊന്നൽ നൽകണമെന്നും ഉപരാഷ്ട്രപതി.

**India has made significant strides in higher education over the past 12 years, says Vice President C. P. Radhakrishnan. He also called for greater focus on high-quality industrial ventures in Kerala.**

3. 26-ാമത് **SCO** ഉച്ചകോടിക്ക് മുന്നോടിയായി ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഷ്കെക്കിൽ കൂടിക്കാഴ്ച നടത്തി. പശ്ചിമേഷ്യൻ സംഘർഷം നയതന്ത്ര മാർഗങ്ങളിലൂടെ പരിഹരിക്കണമെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi meets Iranian President Masoud Pezeshkian in Bishkek ahead of the 26th SCO Summit. PM Modi calls for resolving the West Asia conflict through diplomatic means.**

4. 2026-27 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 7.8 ശതമാനം വളർച്ച കൈവരിച്ചു. ജിഡിപി വളർച്ചാ നിരക്ക് ജനങ്ങളുടെ കൂട്ടായ കരുത്തിന്റെ പ്രതിഫലനമെന്ന് പ്രധാനമന്ത്രി.

**India's GDP grows 7.8% in the first quarter of 2026-27. Prime Minister Narendra Modi says the growth rate reflects the collective strength of the people.**

5. രാജ്യത്തെ സെമികണ്ടക്ടർ ചിപ്പ് നിർമ്മാണ മേഖലയ്ക്ക് കരുത്തേകാൻ 1.27 ലക്ഷം കോടി രൂപയുടെ സെമികോൺ 2.0 പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ.

**Centre approves Semicon 2.0 scheme worth ₹1.27 lakh crore to strengthen India's semiconductor chip manufacturing sector.**

6. നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 903 ആയി. 4,000-ലധികം പേരെ കാണാതായി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു.

**Death toll in Nepal flash floods rises to 903; over 4,000 missing. Rescue and relief operations are progressing on a war footing.**

*****************************************

## PREZ NIFT CONVOCATION(INTRO)

ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന്റെ സുപ്രധാന ഭാഗമായ വസ്ത്രവ്യാപാര മേഖല, ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗം കൂടിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഫാഷൻ വ്യവസായത്തിൽ വനിതാ പ്രാതിനിധ്യം വർധിക്കുന്നത് അഭിനന്ദനീയമാണെന്നും ശ്രീമതി മുർമു പറഞ്ഞു.

( വോയിസ്....)

*****************************************

## PM-BISHKEK VISIT (INTRO)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ഉച്ചകോടിയോടനുബന്ധിച്ച് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായി പ്രധാനമന്ത്രി ബിഷ്കെക്കിൽ ഉഭയകക്ഷി ചർച്ച നടത്തി. പശ്ചിമേഷ്യയിലെ സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു. കിർഗിസ് റിപ്പബ്ലിക് പ്രസിഡന്റ് സാദിർ ജപറോവുമായും അർമേനിയൻ പ്രധാനമന്ത്രി നിക്കോൾ പഷിന്യനുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി.

**വിശദാംശങ്ങളിലേക്ക്.....**

## PM-BISHKEK VISIT (വോയ്സ്)

പശ്ചിമേഷ്യൻ മേഖലയിൽ സംഘർഷം തുടരുന്നതിൽ ആശങ്ക പ്രകടിപ്പിച്ച പ്രധാനമന്ത്രി, പ്രശ്നങ്ങൾ ചർച്ചയിലൂടെയും നയതന്ത്ര മാർഗങ്ങളിലൂടെയും പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് ആവർത്തിച്ചു. മേഖലയിൽ ശാശ്വത സമാധാനവും സ്ഥിരതയും ഉറപ്പാക്കണമെന്നും വാണിജ്യ കപ്പലുകളെയോ സാധാരണക്കാരുടെ അടിസ്ഥാന സൗകര്യങ്ങളെയോ ആക്രമിക്കാൻ പാടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. തുടർന്ന്, കിർഗിസ് റിപ്പബ്ലിക് പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തിയ പ്രധാനമന്ത്രി ഇന്ത്യയും കിർഗിസ് റിപ്പബ്ലിക്കും തമ്മിലുള്ള തന്ത്രപ്രധാനമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത എടുത്തുപറഞ്ഞു. സാമ്പത്തിക-വാണിജ്യ-സാംസ്കാരിക സഹകരണം മെച്ചപ്പെടുത്താനും വിദ്യാർത്ഥി കൈമാറ്റ പരിപാടികൾ ഊർജിതമാക്കാനും ധാരണയായി. അർമേനിയൻ പ്രധാനമന്ത്രിയുമായി പ്രതിരോധം, സാമ്പത്തികം, ശാസ്ത്ര-സാങ്കേതികവിദ്യ തുടങ്ങിയ മേഖലകൾ സംബന്ധിച്ചും പ്രധാനമന്ത്രി ചർച്ച നടത്തി. പശ്ചിമേഷ്യയിലെ സാഹചര്യം ഉൾപ്പെടെയുള്ള വിഷയങ്ങളിലും ഇരുവരും ആശയങ്ങൾ പങ്കു വച്ചു. ന്യൂ

**സ്ഡെസ്ക് ആകാശവാണി.....**

********************************************

## GDP Q1 2026-27

2026-27 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 7.8 ശതമാനം വളർച്ച കൈവരിച്ചതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 6.9 ശതമാനം വളർച്ചയായിരുന്നു രേഖപ്പെടുത്തിയത്. ആഗോള സാമ്പത്തിക വെല്ലുവിളികളുടെ പശ്ചാത്തലത്തിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ചാ വേഗം നിലനിർത്തിയതായി ജി.ഡി.പി കണക്കുകൾ പുറത്തുവിട്ടുകൊണ്ട് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം അറിയിച്ചു.

********************************************

## PM-GDP GROWTH

ഇന്ത്യ കൈവരിച്ച മികച്ച ജിഡിപി വളർച്ചാ നിരക്ക് ജനങ്ങളുടെ കൂട്ടായ കരുത്തിനെയും അതിജീവനശേഷിയെയുമാണ് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എണ്ണവിലയിലെ കുതിച്ചുചാട്ടം, വിതരണ ശൃംഖലയിലെ തടസ്സങ്ങൾ, ആഗോള അനിശ്ചിതത്വങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് രാജ്യം ഈ നേട്ടം കൈവരിച്ചതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ ജനങ്ങളുടെ കഠിനാധ്വാനത്തിനുള്ള അംഗീകാരമാണിതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.

********************************************

## NEPAL

നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 903 ആയി. 4,247-ലധികം പേരെയാണ് ഇനിയും കണ്ടെത്താനുള്ളത്. ആറു ജലവൈദ്യുത പദ്ധതികളിലായി ആയിരത്തോളം തൊഴിലാളികൾ കുടുങ്ങിക്കിടക്കുന്നതായി റിപ്പോർട്ടുണ്ട്. ഇവരെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ ഊർജിതമായി തുടരുകയാണ്.

അതിനിടെ , 11 ടൺ ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യയിൽ നിന്നുള്ള നാലാമത്തെ വിമാനം നേപ്പാളിലെത്തി. ഇതുവരെ 68.5 ടൺ ദുരിതാശ്വാസ സാമഗ്രികളാണ് ഇന്ത്യ നേപ്പാളിന് കൈമാറിയത്.

*********************************************

## NORKA – NEPAL

നേപ്പാളിൽ പ്രളയത്തെ തുടർന്ന് യാത്ര തടസപ്പെട്ട 44 പേർ കൂടി കേരളത്തിലെത്തി. മാനസ സരോവർ യാത്രയ്ക്ക് പോയിരുന്ന 19 കേരളീയർ ഉൾപ്പെടെയുള്ള 23 അംഗ സംഘത്തിലെ 11 പേർ ഡെൽഹിയിലും എത്തിയിട്ടുണ്ട്. വിദേശ പൗരത്വമുള്ള അഞ്ചു മലയാളികളുമായി ഇനിയും ആശയ വിനിമയം സാധ്യമായിട്ടില്ലെന്ന് നോർക്ക റൂട്ട്സ് വ്യക്തമാക്കി.

*********************************************

## VAISHNAW–SEMICON 2.0 PILLARS

രാജ്യത്തെ ചിപ്പ് നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 1.27 ലക്ഷം കോടി രൂപയുടെ സെമികോൺ 2.0 പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. സെമികണ്ടക്ടർ മൂല്യ ശൃംഖലയിൽ നിർണായക പങ്ക് വഹിക്കാനും ആഗോള വിപണിയുടെ ഏകദേശം 10 ശതമാനം വിഹിതം കൈവരിക്കാനും ഇന്ത്യക്ക് സാധിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വേഫർ ഫാബ്രിക്കേഷൻ മുതൽ ചിപ്പ് ഉൽപ്പാദനം വരെയുള്ള ഘട്ടങ്ങളിൽ രാജ്യത്തിന് ശക്തമായ അടിത്തറ രൂപീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

*********************************************

## RAJNATH-DPSU REVIEW

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ ന്യൂഡൽഹിയിൽ 16 പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. പുതിയ തദ്ദേശീയ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതിന്റെയും കയറ്റുമതി വർധിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ചർച്ചയാകും. ഏഴ് പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവിമാർ യോഗത്തിൽ പങ്കെടുക്കും.

****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

****************************************

## DUBAI-IRAN ATTACKS ESCALATE

യുണൈറ്റഡ് അറബ് എമിറേറ്റ്സിന്റെ സമുദ്രാതിർത്തിക്ക് മുകളിൽ ഇറാൻ ഡ്രോൺ ആക്രമണം നടത്തിയ സംഭവത്തിൽ യുഎഇ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അന്താരാഷ്ട്ര നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഇത്തരം ആക്രമണങ്ങൾ അംഗീകരിക്കാനാകില്ലെന്നും ആക്രമണങ്ങൾക്ക് ശക്തമായ മറുപടി നൽകുമെന്നും യുഎഇയുടെ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ജോർദാനെ ലക്ഷ്യമാക്കി ഇറാൻ നടത്തിയ മിസൈൽ ആക്രമണങ്ങളെയും യുഎഇ അപലപിച്ചു. അതിനിടെ, യു.എസ് ഇറാൻ സൈനിക ആക്രമണങ്ങളും ശക്തമായതിനെ തുടർന്ന്, ആഗോള എണ്ണവിലയിൽ വർധന രേഖപ്പെടുത്തി.

****************************************

## VP KOCHI (INTRO)

കഴിഞ്ഞ 12 വർഷമായി രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചു ചാട്ടമുണ്ടായതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ഉന്നത നിലവാരമുള്ള വ്യവസായ സംരംഭങ്ങൾക്ക് കേരളം ഊന്നൽ നൽകണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. കൊച്ചി കാക്കനാട് രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷവും വ്യവസായ–അക്കാദമിക ഉച്ചകോടിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു കാരണവശാലും ലഹരി ഉപയോഗിക്കരുതെന്നും അദ്ദേഹം വിദ്യാർഥികളെ ഓർമിപ്പിച്ചു.

( വോയിസ്....)

മുഖ്യമന്ത്രി വി. ഡി. സതീശൻ , ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി റോജി എം ജോൺ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് രണ്ടു ദിവസത്തെ സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങി.

********* ***** **** ************ ****

## VP – LAKSHADWEEP

ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷമാണ് ഉപരാഷ്ട്രപതി ഇന്ന് കൊച്ചിയിലെത്തിയത്. അഗത്തി ദ്വീപിൽ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത അദ്ദേഹം പ്രധാൻമന്ത്രി മത്സ്യ സമ്പദ് യോജനയുടെ ഗുണഭോക്താക്കൾക്കുള്ള സഹായ വിതരണവും നിർവഹിച്ചു. മിഷൻ രംഗീൻ മച്ലി കർമ്മപദ്ധതിക്കും അദ്ദേഹം തുടക്കമിട്ടു. മത്സ്യബന്ധന മേഖലയിലെ കേന്ദ്ര പദ്ധതികൾ ലക്ഷദ്വീപിന്റെ സാമ്പത്തിക വികസനത്തിന് ഉണർവേകുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

********* ***** **** ************ ****

## ODISHA RAIN

പശ്ചിമ ബംഗാളിലും - വടക്കൻ ഒഡീഷ തീരങ്ങളിലും രൂപപ്പെട്ട ശക്തമായ ന്യൂനമർദ്ദത്തിന്റെ ഫലമായി ഒഡീഷയിൽ കനത്ത മഴ തുടരുന്നു. അടുത്ത 24 മണിക്കൂറിനുള്ളിൽ ന്യൂനമർദ്ദം വടക്കുപടിഞ്ഞാറ് ദിശയിലേക്ക് നീങ്ങാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ബർഗാർഹ് ജില്ലയിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

****************************************

## FENCING-ASIAN GAMES

ഏഷ്യൻ ഗെയിംസിനുള്ള 20 അംഗ ഇന്ത്യൻ ഫെൻസിംഗ് ടീമിനെ ഒളിമ്പ്യൻ സി.എ. ഭവാനി ദേവി നയിക്കും. ഫെൻസിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ കഴിഞ്ഞ ദിവസമാണ് ടീമിനെ പ്രഖ്യാപിച്ചത്. സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 4 വരെ ജപ്പാനിലെ ഐച്ചി-നഗോയയിലാണ് ഇരുപതാമത് ഏഷ്യൻ ഗെയിംസ് നടക്കുന്നത്.

****************************************

## WOMENS CRICKET

ട്വന്റി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റിലെ, ഗ്രൂപ്പ് ബി മത്സരത്തിൽ ബംഗ്ലാദേശ് ഇന്ന് ഇന്തോനേഷ്യയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8:00 മണിക്കാണ് മത്സരം.

************************************************************************************************************************